കേരള സംസ്ഥാന യുവജന കമ്മീഷൻ 28/10/17 ന് പുറപ്പെടുവിക്കുന്ന ഉത്തരവ്

ഹാജർ: കുമാരി.ചിന്താ ജെറോം, ചെയർപേഴ്സൺ

കേസ് നം. 902/എ 2/2017/ കേ.സം.യു.ക.

പരാതികക്ഷി	എതിർകക്ഷി
കുമാരി.റാണി ചന്ദ്രൻ	പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)
കെ.എ ഭവൻ	കേരള, തിരുവനന്തപുരം
കൊട്ടിയം പി.ഒ,	
കൊല്ലം-691571	

പരാതികക്ഷി ഒരു ബിഎഡ് വിദ്യാർത്ഥിനിയാണ്.പരാതികക്ഷിയുടെ ആശ്രമായിരുന്ന പിതാവും മാതാവും തൊട്ടടുത്ത ദിവസങ്ങളിൽ മരണപ്പെട്ടതിനാൽ ജീവിത മാർഗ്ഗങ്ങളെല്ലാം തടസ്സപ്പെട്ടിരിക്കുകയാണെന്നും പരാതികക്ഷിയുടെ മാതാവ് വിദ്യാഭ്യാസ വകുപ്പിൽ ടീച്ചർ എഡ്യുകേറ്റർ ആയിരിക്കെ 2002 ൽ വിരമിച്ച് പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റി വരവെയാണ് മരണപ്പെട്ടതെന്നും കുടുംബ പെൻഷൻ ലഭിയ്ക്കുന്നതിനായി പരാതികക്ഷി സമർപ്പിച്ച അപേക്ഷ നിലവിൽ എതിർകക്ഷിയുടെ ഓഫീസിൽ (C10/31516331791) ആണെന്നും പഠനാവശ്യങ്ങൾക്കും മറ്റും വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ കുടുംബ പെൻഷൻ ലഭിയ്ക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്നും പരാതികക്ഷി കമ്മീഷൻ മുൻപാകെ ബോധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു

ഉത്തരവ്

പരാതികക്ഷിയുടെ ജീവിതസാഹചര്യം മനുഷ്യത്വപരമായ എല്ലാ പരിഗണനകളും അർഹിക്കുന്നതായതിനാൽ, പരാതികക്ഷിയ്ക്ക് അർഹമായ കുടുംബ പെൻഷൻ കാലതാമസം കൂടാതെ അനുവദിയ്ക്കുന്നതിനുള്ള നടപടികൾ എതിർകക്ഷി അടിയന്തിരമായി സ്വീകരിയ്ക്കേണ്ടതാണ്.

(ഒപ്പ്)

ചെയർപേഴ്സൺ

സെക്രട്ടറി